എമ്മാവൂസ്
വചനദൂത്



# ഇടവും വലവും

നോമ്പുകാലം മൂന്നാം ഞായർ മത്താ 20:17 – 28

Vol.36 / Issue - 37 / 25 Feb 2018

ബ്ര. തോമസ് പടിഞ്ഞാറ്റ്

ഒരു ക്രിസ്തു ശിഷ്യൻ ജീവിതത്തിൽ രൂപപ്പെടുത്തേണ്ട മനോഭാവങ്ങളെക്കുറിച്ച് ധ്യാനിക്കുന്ന നോമ്പിന്റെ ദിവസങ്ങളിലൂടെ നാം സഞ്ചരിക്കുകയാണ്. നോമ്പുകാലം എന്നു പറയുന്നത് കുരിശിലെ യേശുവിനെ ധ്യാനവിഷയമാക്കുന്ന ഒരു കാലഘട്ടമാണ്. യഹൂദ ജനതയെ സംബന്ധിച്ചിടത്തോളം സഹന ജീവിതത്തെ അവർ പാപത്തിന്റെ ശിക്ഷയായിട്ടാണ് കണ്ടിരുന്നത്. അതുകൊണ്ടുതന്നെ, സുവിശേഷത്തിൽ ഈശോ നൽകുന്ന സഹനത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മനസിലാക്കുവാൻ ശിഷ്യന്മാർക്ക് പലപ്പോഴും സാധിച്ചിരുന്നില്ല.

നാം ജീവിക്കുന്ന ഈ കാലഘട്ടം ഒരു റിസർവേഷന്റെ കാലഘട്ടമാണ്. യാത്ര ചെയ്യാനും സിനിമ കാണാനും ഡോക്ടറെ സന്ദർശിക്കാനും നമ്മൾ വീട്ടിലിരുന്ന് തന്നെ സീറ്റ് റിസർവ് ചെയ്യും. പിന്നെ മനസിനൊരു ആശ്വാസമാണ്. ടെൻഷനൊന്നും കൂടാതെ കാര്യങ്ങൾ മുന്നോട്ടു പോകും. ഇന്നത്തെ സുവിശേഷത്തിലും സ്വർഗ്ഗരാജ്യത്തിന്റെ മഹത്വത്തിൽ ഈശോയുടെ ഇടത്തും വലത്തുമുള്ള സ്ഥാനം റിസർവ് ചെയ്യാൻ എത്തുന്ന സെബദി പുത്രന്മാരുടെ അമ്മയെയാണ് നാം കാണുക. ഈ അമ്മയുടെ ആഗ്രഹത്തെ നമുക്കൊരിക്കലും സ്വാർത്ഥത എന്ന് വിളിക്കാനാവില്ല. മക്കളെക്കുറിച്ച് നല്ല സ്വപ്നങ്ങൾ കാണുക എന്നത് അമ്മ മനസ്സിന്റെ നന്മയാണ്. അതിലൊരാലാണ് സെബദി പുത്രന്മാരുടെ അമ്മ.

“നിങ്ങൾ ചോദിക്കുന്നത് എന്തെന്ന് നിങ്ങൾ അറിയുന്നില്ല.” എന്നാണ് ഈശോ സെബദി

പുത്രന്മാർക്കും അവരുടെ അമ്മയ്ക്കും നൽകുന്ന ഉത്തരം. ഏതാനും ദിവസങ്ങൾക്ക് ശേഷം ഈശോ സ്വീകരിക്കാൻ പോകുന്ന സഹനമാകുന്ന പാനപാത്രത്തിന്റെ ഓഹരി സ്വീകരിക്കുവാൻ കഴിയുമോ എന്നതാണ് ഈശോയുടെ ചോദ്യത്തിന്റെ പൊരുൾ. യഹൂദ പാരമ്പര്യമനുസരിച്ച് പാനപാത്രം എന്ന് പറയുന്നത് ജീവിതത്തിലെ സഹനങ്ങളെയും പരീക്ഷണങ്ങളെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ്. ജീവിതത്തിൽ സ്ഥാനമാനങ്ങൾ നേടിയെടുക്കാനുള്ള ആഗ്രഹത്തിനപ്പുറം സഹനത്തിന്റെ പാനപാത്രം പങ്ക് വയ്ക്കുന്ന ക്രിസ്തീയ ജീവിതം നയിക്കാനുള്ള ആഹ്വാനമാണ് സുവിശേഷം നമുക്ക് നൽകുന്നത്.

അധികാരം എന്ന് പറയുന്നത് ശുശ്രൂഷയാണ്. സുവിശേഷത്തിൽ പീലാത്തോസിന്റെ അധികാരത്തെ നാം കാണുന്നുണ്ട്. സിംഹാസനവും ചെങ്കോലും സ്വീകരിച്ച്, മുമ്പിൽ നിൽക്കുന്നവനെ മരണത്തിലേക്ക് പറഞ്ഞ് വിട്ട് കൈകഴുകി സ്വയം നീതികരിക്കുന്ന അധികാരം. എന്നാൽ ഈശോയുടെ അധികാരം കൂടെയായിരിക്കുന്ന ശത്രുവിനെപ്പോലും ഹൃദയത്തോട് ചേർത്ത് വച്ച് അവന്റെ കാല് കഴുകി ഒപ്പം ഇരിക്കുന്ന അനുഭവമാണ്. സഹനജീവിതത്തിന്റെ പാനപാത്രം കുടിക്കാൻ കഴിയുന്നവർക്ക് മാത്രമേ ഈ ശുശ്രൂഷയാകുന്ന അധികാരത്തെ സ്നേഹിക്കാൻ കഴിയുകയുള്ളൂ.

ഈശോയുടെ സിംഹാസനം എന്നു പറയുന്നത് കുരിശാണ്. അവന്റെ ഇടത്തും വലത്തുമുള്ള പീഠങ്ങൾ അലങ്കരിക്കുന്നത് രണ്ട് കുറ്റവാളികളെ കുരിശിൽ തറച്ചാണ്. "ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാമോ?" എന്ന ചോദ്യം അവന്റെ സഹനത്തിലും മരണത്തിലും പങ്കാളിയാകാനുള്ള ക്ഷണമാണ്. ഒരു പക്ഷേ നമ്മുടെ കുടുംബങ്ങളിൽ ക്രിസ്തുവിന്റെ ഈ ചോദ്യം നാം കേൾക്കാതെ പോകുന്നു. പരസ്പരം ശുശ്രൂഷിക്കപ്പെടുന്ന അധികാരങ്ങളും പങ്ക് വയ്ക്കുന്ന സഹനത്തിന്റെ പാനപാത്രവും എന്റെ കുടുംബത്തിൽ നിന്ന് അകലുമ്പോൾ ഓർക്കുക, ദൈവീക സാന്നിദ്ധ്യം ഇല്ലാത്ത ഇടങ്ങളായി മാറുകയാണ് എന്റെ കുടുംബം.

ഈശോയുടെ പീഡാനുഭവ നിമിഷങ്ങളിൽ സെബദി പുത്രന്മാരായ യാക്കോബും യോഹന്നാനുമൊക്കെ ഓടി മറഞ്ഞെങ്കിലും ജീവിതത്തിൽ അവസാന നാളുകളിൽ ക്രിസ്തുവിന്റെ സഹനമാകുന്ന പാനപാത്രം സ്വന്തമാക്കുവാൻ ഈ രണ്ട് ശിഷ്യന്മാർക്കും സാധിച്ചു. വിശ്വാസത്തിന്റെ അഗ്നി ഏറ്റ് വാങ്ങി അത് അനേകരിലേക്ക് കൈമാറിയ ജീവിതമായിരുന്നു അവരുടേത്. ഈശോയുടെ 12 ശിഷ്യരിൽ ആദ്യം രക്തസാക്ഷിയായത് യാക്കോബാണ്. നീറോ ചക്രവർത്തിയുടെ കാലത്ത് തിളച്ച എണ്ണയിൽ മുക്കി വിശ്വാസത്തിന് വേണ്ടി ജീവൻ ഹോമിച്ച യോഹന്നാൻ ശിഷ്യന്മാരിൽ അവസാന രക്തസാക്ഷിയായി.

യഹൂദരുടെ വിരുന്ന് ശാലയിൽ ആദ്യമെത്തുന്ന അതിഥി യജമാനന്റെ വലതുവശത്തും അവസാനമെത്തുന്ന അതിഥി ഇടതുവശത്തുമാണ് ഇരിക്കേണ്ടത്. ദൈവപുത്രനോടുള്ള നിത്യമായ സ്വർഗീയ വിരുന്നിന് 12 പേരിൽ ആദ്യമെത്തിയ യാക്കോബും അവസാനമെത്തിയ യോഹന്നാനും ഈശോയുടെ ഇടത്തും വലത്തുമുള്ള പീഠങ്ങൾ ലഭിച്ചു എന്ന സത്യം നാം മറക്കരുത്.

ഇന്ന് നാം കടന്നുപോകുന്ന ജീവിത ബുദ്ധിമുട്ടുകളിൽ ഉത്തരമില്ലാതെ വേദനിച്ച് നിൽക്കുമ്പോൾ മനസ്സിൽ ഓർക്കാം ക്രിസ്തുവിന്റെ സഹനമാകുന്ന പാനപാത്രത്തിന്റെ ഓഹരി പങ്ക് വയ്ക്കുന്ന ഇടമാണ് എന്റെ കുടുംബം. എന്റെ സഹോദരങ്ങളുടെ മുറിവുകളിൽ പങ്കുചേരുമ്പോൾ എനിക്കായ് ഒരു ഇരിപ്പിടം സ്വർഗ്ഗത്തിൽ ഉണ്ടാകും. സഹനത്തിന്റെ കനൽ വഴികളിലൂടെ കടന്ന് പോകുന്ന എത്രയോ ജീവിതങ്ങളാണ് നമുക്ക് ചുറ്റുമുള്ളത്. നമ്മുടെ ജീവിതത്തിലെ സഹനമാകുന്ന പാനപാത്രത്തെ ഈ അൾത്താരയോട് ചേർത്ത് വച്ച് നമുക്ക് പ്രാർത്ഥിക്കാനാവട്ടെ. ഈ നോമ്പുകാലം നമുക്ക് ഓരോരുത്തർക്കും നന്മയിലേക്ക് മാറാനും തിരിയാനുമുള്ള അവസരമാണ് അത് ഉപയോഗപ്പെടുത്തുവാനും ജീവിതം നന്മയിലേക്ക് വളർത്തുവാനും വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. ◆